# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5716

28.03.2018-ൽ മറുപടിയ്ക്ക്

## വിരമിച്ച സൈനികർക്ക് സൈനിക ക്ഷേമ വകുപ്പ് മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സൈനികക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) സൈനികക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 25.01.2018 ലെ SRO.No.53/2018, (സ.ഉ(കൈ) നം.22/2018/പൊ.ഭ.വ ഉത്തരവ്) വിജ്ഞാപനം പ്രകാരം റൂൾസ് ഓഫ് ബിസിനസിൽ XXXIII -ാം നമ്പർ പ്രകാരം സൈനികക്ഷേമ വകുപ്പിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സൈനികക്ഷേമ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) സൈനികക്ഷേമ വകുപ്പിൽ നിലവിൽ തന്നെ വിമുക്തഭടന്മാരുടെ / സൈനികരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) സൈനിക ക്ഷേമ വകുപ്പ് മുഖേന വിരമിച്ച സൈനികർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (സി) <u>വിരമിച്ച സൈനികർക്ക് എസ്.എം.ബി.എഫ്-ൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ</u><br>• നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം-എസ്.എം.ബി.എഫ്.<br>• നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം-ഡി.എം.ബി.എഫ്.<br>• വിവാഹ ഗ്രാന്റ്- വിമുക്തഭടന്റെ 2 പെൺമക്കൾക്ക്.<br>• അടിയന്തിര സാമ്പത്തിക സഹായം. |

| | |
|---|---|
| | • മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്.<br>• അന്ധരായ വിമുക്തഭടന്മാർക്ക്/ വിധവകൾക്ക്/ ഭാര്യക്ക്/ മക്കൾക്ക് പ്രതിമാസ ധനസഹായം.<br>• മാനസികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം.<br>• ശാരീരികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രതിമാസ ധനസഹായം.<br>• പോക്കറ്റ് മണി- ക്ഷയരോഗ / കുഷ്ഠരോഗ വിമുക്തഭടന്മാർക്ക് ധനസഹായം.<br>• ഓണാഘോഷത്തിന് ഗ്രാന്റ്- ക്ഷയ/കുഷ്ഠ/ക്യാൻസർ രോഗികൾക്ക്.<br>• മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്- ക്ഷയ/കുഷ്ഠ രോഗികൾക്ക്.<br>• തയ്യൽ മെഷീൻ വിതരണം- വിമുക്തഭടന്റെ വിധവകൾക്ക്.<br>• ക്യാൻസർ രോഗികൾക്ക് - മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്<br>• എസ്.എസ്.എൽ.സി-ക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്. |
| | • വീട് നന്നാക്കുവാൻ ഗ്രാന്റ്- വിമുക്തഭടന്റെ വിധവകൾക്ക്.<br>• സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്ക് പരിശീലനം.<br>• മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലന ധനസഹായം.<br>• വിമുക്തഭടന്മാർക്കും ആശ്രിതർക്കും കമ്പ്യൂട്ടർ പരിശീലന ധനസഹായം.<br>• പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തിക സഹായം.<br>• വിമുക്തഭടന്മാരുടെ മക്കൾക്ക് മത്സര |

| | |
|---|---|
| | പരീക്ഷകളിൽ SET/NET/JRF etc പരിശീലനത്തിന് സാമ്പത്തിക സഹായം.<br>• വിമുക്തഭടന്മാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷീൻ വാങ്ങി വിതരണം.<br>• വൃക്ക രോഗികൾക്ക് ഡയാലിസിസിന് സാമ്പത്തിക സഹായം.<br>• അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം (Kidney, Liver, Hip, Knee) ധനസഹായം.<br>• മെഡിക്കൽ റിലീഫ് ഗ്രാന്റ് - വിമുക്തഭടന്മാർക്കും ആശ്രിതർക്കും.<br>• സ്വയം തൊഴിലിനായി വിമുക്തഭടന്റെ ഭാര്യക്കും വിധവകൾക്കും ധനസഹായം.<br>• ഗ്രൂപ്പായ /തൊഴിൽ രഹിതരായ വിമുക്തഭടന്മാർക്കും വിധവകൾക്കും തയ്യൽ /എംബ്രോയിഡറി മെഷീൻ വാങ്ങി വിതരണം.<br>• ഒറ്റത്തവണ ക്യാഷ് അവാർഡ്- +2 / 12th ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് . |
| | • സാങ്കേതികവും / തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകൾക്ക് നൽകുന്ന സ്കോളർഷിപ്പ്.<br>• ഓർഫൻ ഗ്രാന്റ്.<br>• സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.<br>• ഐ.ടി.ഐ ട്രെയിനിംഗിന് ധനസഹായം.<br>• എൻട്രൻസ് കോച്ചിംഗ്-ന് സാമ്പത്തിക സഹായം.<br>• രോഗികളായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് ചികിത്സാ സഹായം.<br>• വൃദ്ധസദനങ്ങളിൽ കഴിയുന്ന |

| | |
|---|---|
| | വിമുക്തഭടന്മാർക്കും / വിധവകൾക്കും ധനസഹായം.<br>• സ്വയംതൊഴിൽ വായ്പകൾക്ക് പലിശ സബ് സിഡി.<br>• സ്വയംതൊഴിൽ സഹായസംഘങ്ങൾക്ക് ധനസഹായം.<br><u>വിരമിച്ച സൈനികർക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ</u><br>• രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം (M.F.A).<br>• ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് ധനസഹായം.<br>• ഗ്യാലന്ററി /നോൺ ഗ്യാലന്ററി അവാർഡുകൾ നൽകി വരുന്നു.<br>• യുദ്ധത്തിലോ / യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ടവർക്കോ, അംഗവൈകല്യം സംഭവിച്ചവർക്കോ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകി വരുന്നു. |
| (ഡി) സർവ്വീസിലുള്ള സൈനികരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ഡി) <u>സർവ്വീസിലുള്ള സൈനികരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ</u><br>• ജില്ലാ തലങ്ങളിൽ പരാതി പരിഹാര സെൽ മുഖേന അടിയന്തിരമായി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br>• സർവ്വീസിലുള്ള സൈനികരുടെ ആശ്രിതർക്ക് സ്ഥലംമാറ്റത്തിന് മുൻഗണന.<br>• സർവ്വീസിലിരിക്കെ യുദ്ധത്തിലോ / യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ട സൈനികന്റെ ആശ്രിതർക്ക് സർക്കാർ ജോലിയിൽ പരിഗണന. |

| | |
|---|---|
| | • മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും കാലാകാലങ്ങളിൽ ധനസഹായം. |
| (ഇ) സൈനികരുടെ വിധവകൾക്ക് സഹായം നല്കുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ ; വ്യക്തമാക്കുമോ ? | (ഇ) <u>സൈനികരുടെ വിധവകൾക്ക് നൽകുന്ന പദ്ധതികൾ</u><br>• സർവ്വീസിലിരിക്കെ യുദ്ധത്തിലോ / യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ട സൈനികന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ പരിഗണന.<br>• ബഹു.മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും ധനസഹായം.<br>• മേൽ (സി) പിരിവിൽ പരാമർശിച്ചിരിക്കുന്ന വിരമിച്ച സൈനികർക്ക് എസ്.എം.ബി.എഫ് -ൽ നിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും വിധവകൾക്കും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ